# കേരള സർവകലാശാല

നം. പി.ആർ.063/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് ഫലം

കേരള സർവകലാശാല ഒക്ടോബർ/നവംബറിൽ പി.എ അസീസ് കോളേജിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം പരീക്ഷ

കേരള സർവകലാശാല മെയിൽ നടത്തുന്ന ഒന്ന്, രണ്ട് വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് അഞ്ച് (50 രൂപ പിഴയോടെ മേയ് ഏഴ്, 250 രൂപ പിഴയോടെ മേയ് 10) വരെ അപേക്ഷിക്കാം. 2014-ൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ ഓൺലൈനായും അതിനു മുമ്പുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾ നേരിട്ടും അപേക്ഷ നൽകണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.de.keralauniversity.ac.in) ലഭിക്കും.

### ബി.കോം ടൈംടേബിൾ

കേരള സർവകലാശാല ഒന്ന്, രണ്ട് വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷ മേയ് ഒമ്പതിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്‌സി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ രണ്ടാം വർഷ ബി.എസ്‌സി (ആന്വൽ സ്കീം - സപ്ലിമെന്ററി പാർട്ട് ഒന്ന്, രണ്ട്, മൂന്ന്, സബ്സിഡിയറി വിഷയങ്ങൾ - സ്റ്റാറ്റിസ്റ്റിക്സ് & അക്കൗണ്ടിംഗ് - ഒക്ടോബർ 2015 സെഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 27 വരെ അപേക്ഷിക്കാം. പരാജയപ്പെട്ടവർ അടുത്ത് പരീക്ഷയ്ക്ക് (ഏപ്രിൽ 2016 സെഷൻ) പിഴകൂടാതെ മേയ് മൂന്ന് (50 രൂപ പിഴയൊടെ മേയ് അഞ്ച്, 250 രൂപ പിഴയോടെ മേയ് ആറ്) വരെ അപേക്ഷിക്കാം.

### ബി.ഡി.എസ് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ അവസാന വർഷ ബി.ഡി.എസ് (പുതിയ സ്കീം, പഴയ സ്കീം - പാർട്ട് ഒന്ന്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 13 വരെ അപേക്ഷിക്കാം.

### ബി.ആർക് പരീക്ഷ

കേരള സർവകലാശാല മേയ്/ജൂണിൽ നടത്തുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക് (2013 സ്കീം - റഗുലർ & സപ്ലിമെന്ററി), ഒമ്പതാം സെമസ്റ്റർ (2008

സ്കീം - സപ്ലിമെന്ററി), പത്താം സെമസ്റ്റർ (2008 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ മേയ് നാല് വരെ അപേക്ഷിക്കാം. 2011 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഏപ്രിൽ 27 മുതൽ അപേക്ഷിക്കാം. 2011 അഡ്മിഷന് മുമ്പുള്ള വിദ്യാർത്ഥികൾ അപേക്ഷകൾ നേരിട്ട് സർവകലാശാല ഓഫീസിൽ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അനുസ്മരണ പ്രഭാഷണം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിൽ പ്രഥമ രാജാ രവിവർമ്മ അനുസ്മരണ പ്രഭാഷണം നടത്തും. ഏപ്രിൽ 29 വൈകുന്നേരം മൂന്ന് മണിക്ക് നടക്കുന്ന ചടങ്ങ് പ്രോ-വൈസ് ചാൻസലർ ഡോ.എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും. അഹമ്മദാബാദ് എൽ.ഡി. മ്യൂസിയം ഡയറക്ടർ ഡോ. രത്തൻ പരിമൂ അനുസ്മരണ പ്രഭാഷണം നടത്തും.

## ഗ്രേസ് മാർക്ക്

കേരള സർവകലാശാല 2013-ൽ പ്രവേശനം നേടിയ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്) വിദ്യാർത്ഥികളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ളവർ ഓരോ സെമസ്റ്ററിനും അനുവദിച്ചിട്ടുള്ള ഗ്രേസ് മാർക്ക് ഏതെല്ലാം വിഷയങ്ങൾക്കായി നൽകണമെന്ന് വിവരം മേയ് 10-നകം സർവകലാശാലയിൽ സമർപ്പിക്കണം.

## ബി.എ/ബി.പി.എ ഫലം

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ ബി.എ/ബി.എ അഫ്സൽ ഉൽ-ഉലമ/ബി.പി.എ പാർട്ട് ഒന്ന്, രണ്ട് (സെപ്റ്റംബർ/ഒക്ടോബർ 2015) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 31 വരെ അപേക്ഷിക്കാം. 2016 ഏപ്രിൽ നടത്തുന്ന പാർട്ട് ഒന്ന്, രണ്ട് പരീക്ഷകൾക്ക് പിഴകൂടാതെ മേയ് 11 (50 രൂപ പിഴയോടെ മേയ് 12, 250 രൂപ പിഴയോടെ മേയ് 13) വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
27.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ